District Mental Health Programme
Mental Health Centre, Peroorkada
Thiruvananthapuram -695005
www.dmhptvpm.org
dmhptvpm@gmail.com
Phone: 9495123999
Date:30.03.2017

നം.24/2017/ഡി.എം.എച്ച്.പി/റ്റിവിപിഎം

## പുനർദർഘാസ് നോട്ടീസ്

തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യപരിപാടി യുടെ കീഴിൽ **കോട്ടുകാലിൽ** പ്രവർത്തിക്കുന്ന പകൽ വീട് പ്രോജക്റ്റിലേക്ക് ദിവസേന **ഉച്ചഭക്ഷണം കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക്** പാചകം ചെയ്തു എത്തിക്കുന്നതിലേക്കായി കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പാചക മേഖലയിൽ പരിശീലനം നേടിയതും പരിചയം ഉള്ളവരുമായ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദ വിവരം താഴെകൊടുത്തിരിക്കുന്നു.

ദർഘാസുകൾ വിൽക്കുന്ന അവസാന തിയതി, സ്വീകരിക്കുന്ന അവസാന തിയതി, തുറക്കുന്ന തിയതി,സമയം ഉൾപ്പെടെ താഴെക്കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| വിൽക്കുന്ന അവസാന തിയതി, സമയം | : | 26.04.2017(ബുധൻ), വൈകുന്നേരം 3 മണി |
| സ്വീകരിക്കുന്ന അവസാന തിയതി, സമയം | : | 27.04.2017(വ്യാഴം), വൈകുന്നേരം 3 മണി |
| തുറക്കുന്ന തിയതി,സമയം | : | 29.04.2017(ശനി), ഉച്ചക്ക് 12.30 മണി |

ദർഘാസുകളിൽ ടെൻഡർ രേഖപ്പെടുത്തി **'നോഡൽ ഓഫീസർ, ജില്ലാ മാനസികാരോഗ്യപരിപാടി, തിരുവനന്തപുരം'** എന്ന വിലാസത്തിൽ 27.04.2017(വ്യാഴം), വൈകുന്നേരം 3 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ദർഘാസുകൾ നല്കിയവരുടെയോ അവർ അധികാരപ്പെടുത്തിയവ രുടെയോ സാന്നിദ്ധ്യത്തിൽ 29.04.2017(ശനി), ഉച്ച 12.30 മണിക്ക് മുദ്ര വച്ച ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ വിൽക്കുന്ന അവസാന തിയതി 26.04.2017(ബുധൻ), വൈകുന്നേരം 3 മണി വരെയാണ്. ദർഘാസ് ഫാറം ആവശ്യമുള്ളവർ അതിന്റെ വില **'ജില്ലാ മാനസികാരോഗ്യപരിപാടി, മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം'** ന്റെ ഓഫീസിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് അടച്ച് വാങ്ങാവുന്നതാണ്(രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ).

ടെൻഡറിനെ സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകളും വിശദാംശങ്ങളും ഫാറത്തിനോടൊപ്പം ലഭിക്കുന്നതാണ്. പോസ്റ്റൽ ഓർഡേഴ്സ്, പോസ്റ്റൽ സ്റ്റാമ്പ്,ബാങ്ക് ഡ്രാഫ്റ്റ്,ബാങ്കേഴ്സ് ചെക്ക് എന്നിവ ടെണ്ടർ ഫോമിന്റെ വിലയായി സ്വീകരിക്കുന്നതല്ല.

DISTRICT MENTAL HEALTH PROGRAMME THIRUVANANTHAPURAM.

നോഡൽ ഓഫീസർ

Nodal Officer
District Mental Health Programme
Thiruvananthapuram.